അടക്കം 14 അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തികകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാനും, ഹൈക്കോടതിയുടെ അനുമതി കിട്ടിയതിനുശേഷം മാത്രം നിയമന ഉത്തരവു നൽകാനും 30867/01 നമ്പർ ഒ. പി.-യിൽ ഇടക്കാല ഉത്തരവ് ഉണ്ടായിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നേരത്തെ നിയമനം നടത്തിയ രണ്ടു വേക്കൻസി ഒഴികെയുള്ള 12 വേക്കൻസികളും ഹൈക്കോടതിയിൽ നിന്നും ഉത്തരവ് കിട്ടിയതിനു ശേഷമേ അഡ്വൈസ് അയയ്ക്കാവൂ എന്ന വ്യവസ്ഥയിൽ പി. എസ്. സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെ കേഡർ സ്ട്രെംഗ്ത്ത് 10 എണ്ണം മാത്രമാണ്.

(ഡി) നേരിട്ടുള്ള നിയമനം നടത്തേണ്ട ഒഴിവുകളിൽ പ്രൊമോഷൻ നൽകുവാൻ കോടതിയിൽ നിന്നും ഉത്തരവൊന്നും കിട്ടിയിട്ടില്ല. പി. എസ്. സി. മുഖാന്തിരം നികത്തുന്ന ഒഴിവുകളിൽ പ്രമോഷൻ വഴി നിയമനം നടത്തിയിട്ടില്ല.

ഹാന്റിക്രാഫ്ട് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ പ്യൂൺ/ഹെൽപ്പർ നിയമനം

45 [T3450] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റിക്രാഫ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനിലെ പ്യൂൺ/ഹെൽപ്പർ തസ്തികയിലേയ്ക്ക് ഇപ്പോൾ പി. എസ്. സി. റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഇവിടെ ഇപ്പോൾ പ്യൂൺ/ഹെൽപ്പർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര ആളുകൾ ജോലി നോക്കുന്നുണ്ട്;

(സി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ അതേ തസ്തികയിലേക്കു താത്ക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ പാടില്ല എന്നുള്ള കോടതി വിധിക്കെതിരായാണോ ഇവർ തുടരുന്നത്;

(ഡി) പ്യൂൺ/ഹെൽപ്പർ തസ്തികയിൽ ഇവിടെ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട്;

(ഇ) ഒഴിവുള്ള മുഴുവൻ തസ്തികയിലേക്കും നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താൽക്കാലികാടിസ്ഥാനത്തിൽ ആരും ജോലി നോക്കുന്നില്ല. എന്നാൽ എക്സിബിഷനും മറ്റും നടത്തുന്ന അത്യാവശ്യ സാഹചര്യങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ കാഷ്വൽ വർക്കേഴ്സിനെ നിയമിക്കാറുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മൂന്ന്.

(ഇ) ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസറെ പിരിച്ചുവിട്ട സംഭവം

46 [3451] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ടെൽക്കിൽ അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസറായിരുന്ന ശ്രീ. ഇമ്മാനുവലിനെ ജോലിയിൽനിന്ന് പിരിച്ചുവിട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിരിച്ചുവിടലിന് പറഞ്ഞ രണ്ടു കാരണങ്ങളും അവാസ്തവമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കരാറടിസ്ഥാനത്തിൽ മാത്രം നിയമിക്കപ്പെട്ടിട്ടുള്ള എ. എസ്. ഒ.-യും എസ്. ഒ.-യും ശ്രീ. ഇമ്മാനുവലിന് എതിരെ എടുത്ത നടപടികളെപ്പറ്റി മനസ്സിലാക്കുവാൻ ശ്രമിച്ചിട്ടുണ്ടോ;

(ഡി) ശ്രീ. ഇമ്മാനുവലിനെ പിരിച്ചുവിട്ട നടപടി ശരിയല്ല എന്ന് കോടതി വിധി ഉണ്ടായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പിരിച്ചുവിടലിന് പറഞ്ഞ രണ്ട് കാരണങ്ങളും ഗാർഹിക അന്വേഷണത്തിൽ തെളിയിക്കപ്പെട്ടതും വാസ്തവവുമാണ്.

(സി) കേസിനാസ്പദമായ സംഭവം നടക്കുമ്പോൾ സെക്യൂരിറ്റി ഓഫീസർ (എസ്. ഒ.) എന്ന തസ്തികയിൽ ആൾ ഇല്ലായിരുന്നു. ശ്രീ. ഇമ്മാനുവൽ ഉൾപ്പെടെ രണ്ട് എ. എസ്. ഒ.-മാരാണ് ഉണ്ടായിരുന്നത്.

(ഡി) റിട്ട് അപ്പീൽ (നമ്പർ 2079/2001) കേസിൽ കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച്, ശ്രീ. ഇമ്മാനുവൽ കുറ്റക്കാരനാണെന്ന ഗാർഹിക അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തൽ ശരിയാണെന്നുള്ള ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ അവാർഡ് ശരിവയ്ക്കുകയുണ്ടായി.

കരമണൽ ഖനനം നടത്തുന്ന മാഫിയകൾ

47 [3452] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പല ഭാഗത്തും കരമണൽ ഖനനം വൻതോതിൽ നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly